പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1211

11..02..2016 ൽ മറുപടിയ്ക്ക്.

# നെൽവയൽ ഡാറ്റാ ബാങ്ക്

ചോദ്യം
ശ്രീ.എ. പ്രദീപ്കുമാർ

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ നെൽവയലുകളെ സംബന്ധിച്ച ഡാറ്റാ ബാങ്ക് ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കോഴിക്കോട് ജില്ലയിൽ ആകെ 48 ഗ്രാമപഞ്ചായത്തുകളിലാണ് ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ബാക്കിയുള്ളവ കരട് അവസ്ഥയിലാണ്. പ്രസിദ്ധീകരിച്ച ഗസറ്റ് വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വില്ലേജ് ഓഫീസിലും ലഭ്യമാണ്. |
| (ബി) | ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലങ്ങൾ മണ്ണിട്ട നികത്തുകയോ, പരിവർത്തനം ചെയ്യപ്പെട്ടതോ ആയി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | ഇതുവരെ ഏകദേശം 700 ഓളം പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി നെൽവയൽ സംരക്ഷണ നിയമ പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ഓരോ പരാതികളുടെ | (സി) | ആവശ്യമെന്ന് കാണുന്ന സാഹചര്യങ്ങളിൽ നിയമത്തിലെ വകുപ്പ് 13 പ്രകാരം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഭൂ ഉടമയ്ക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്. കൂടാതെ വകുപ്പ് 25 പ്രകാരം |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിലും വിശദമാക്കുമോ; | | പ്രോസിക്യൂഷൻ നടപടികളും ആവശ്യമുള്ള കേസുകളിൽ സ്വീകരി-ച്ചുവരുന്നുണ്ട്. |
| (ഡി) | ഓരോ പരാതിയും ലഭിച്ച തീയതിയും ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ? | | എല്ലാകേസുകളിലും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ